# ലിറ്റിൽ കൈറ്റ്സ് 2018-19

# ക്യാൻവാസ്

## ഇ-മാഗസിൻ





## എസ്.എസ്.ജി.എച്ച്.എസ്.എസ്
## പയ്യന്നൂർ


KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS
little
KITEs

# ലിറ്റിൽ കൈറ്റ്സ് 2018-19

## എസ്.എസ്.ജി.എച്ച്.എസ്.എസ് പയ്യന്നൂർ

---

### പത്രാധിപ സമിതി

*ചീഫ് എഡിറ്റർ : ശ്രീ അനൂപ് കുമാർ സി*

*(പ്രധാനാധ്യാപകൻ)*

*സ്റ്റാഫ് എഡിറ്റർ : ശ്രീമതി ഫായിസാബി ടി പി*

*സ്റ്റുഡന്റ് എഡിറ്റർ : ശ്രീനന്ദ പി*

### പത്രാധിപ സമിതി അംഗങ്ങൾ

*ശ്രീമതി ജയശ്രീ എം വി / ശ്രീമതി ലേഖ*

*(കൈറ്റ് മിസ്ട്രസ്)*

*അതുൽ വി വി / അക്ഷയ് പി*

*ബ്രഹ്മ വി എസ് / ഷിജിൻ പി*

*സുജിത് സി പി കെ / വിഷ്ണുപ്രസാദ്*

*അഭിരാമി കെ വി / ആദിത്യ കെ എ*

*അലീന പ്രസാദ് / അനാമിക വിനോദ്*

*ആര്യ കൃഷ്ണൻ കെ / ഭാഗ്യലക്ഷ്മി ടി വി*

*നന്ദന എം ടി / നന്ദന രമേഷ്*

*ശ്രീനന്ദ പി / ശ്രീലക്ഷ്മി ഷൈബു*

*ശ്രേയ സുരേഷ് / സായൂജ്യ ബി*

*സുരഭി സുരേന്ദ്രൻ / റിൻഷ രാജീവ്*

*(ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ)*

**കവർ ചിത്ര നിർമാണം :** *സുജിത് സി പി കെ*

# <u>ആശംസ</u>



**പ്രധാനാധ്യാപകൻ**
ശ്രീ അനൂപ് കുമാർ സി

ലിറ്റിൽ കൈറ്റ്സിന്റെ ആദ്യസംരംഭമായ
ഇ-മാഗസിൻ, *ക്യാൻവാസ്* അഭിനന്ദനമർഹിക്കുന്നു.
വിവിധ പ്രവർത്തനങ്ങളിലൂടെ ഇതിന്റെ ലക്ഷ്യംകൈവരിക്കട്ടെ എന്ന്
ആശംസിക്കുന്നു..........

# ഉള്ളടക്കം


പ്രതീക്ഷയുടെ ചെറുതരികൾ....................................................................6

പ്രകൃതിയോട്................................................................................7

പ്രകൃതിയോട്................................................................................9

പ്രളയതാണ്ഡവം.........................................................................10

മണ്ടനോ മനുഷ്യൻ.....................................................................11

വ്യൂ ഫൈൻഡർ...........................................................................12

അടുക്കള.....................................................................................13

നന്മയുടെ കൈത്താങ്ങ്...............................................................14

കുഞ്ഞു സ്വപ്നങ്ങൾ......................................................................16

പ്രതീക്ഷ......................................................................................17

പ്രളയം, ഒരെത്തിനോട്ടം.............................................................19

ആട് ജീവിതം - ബെന്യാമിൻ.......................................................21

വാർത്താവിനിമയ വിപ്ലവം..........................................................23

# പ്രതീക്ഷയുടെ ചെറുതരികൾ

മഴയൊരു അപ്സരകന്യക
സങ്കൽപ്പങ്ങലളെ വാരിപ്പുണരാൻ
ചിറകുവിരിച്ചെത്തിയ മഴവിൽ
നിറമുള്ള സുന്ദരകന്യക

മനുഷ്യാ! നിൻ ക്രൂരകൃത്യങ്ങൾ
തൻ ഫലമായി അവളിന്ന് മാറി

തീരാ പേമാരിയായും, നാശമായും,
ഒരിക്കലും അടങ്ങാത്ത യക്ഷിപോലെ

അവൾ ഇന്ന് ഓരോ മനുഷ്യന്റേയും

രക്തമൂറ്റുകയാണ്, കുടിക്കുകയാണ്
നിങ്ങൾക്ക് അവൾ തന്ന തീരാനഷ്ടം
നിങ്ങൾ അവൾക്ക് കൊടുത്തതിനുള്ള
ഏറ്റവും വലിയ മറുപടിയാണ്

മഴമാറി, വെയിലായി ദിനം എന്നും

തിരികേവന്നു,
പ്രതീക്ഷയുടെ ചിറകിലേറി ഏവരും

കാത്തിരിക്കുകയാണ് തന്റെ ചിരകാല,
സമ്പാദ്യം തിരികെപിടിക്കാൻ

നാട്ടും,നഗരവും തിരിച്ചെടുക്കാൻ
കഴിഞ്ഞകാലം തിരികേവരാതിരിക്കാൻ
പ്രകൃതിയെ സ്നേഹിക്കാൻ

അവരുടെ ഉള്ളിൽ ഇന്നും പ്രതിക്ഷ-

യുടെ ചെറുകണങ്ങൾ ബാക്കിയുണ്ട്.

എല്ലാം ശരിയാകും എന്ന-

പ്രതീക്ഷ തിരികെപിടിക്കാം എന്നപ്രതീക്ഷ.
പ്രതീക്ഷയുടെ ചിറകിലേറി
അവർ പാറി നടക്കുന്നു

അതിരില്ലാ ഈ ആകാശത്തിൽ.

നന്ദന സതീഷ് 10 സി

# പ്രകൃതിയോട്

അമ്മയില്ലാത്തവർക്കമ്മയായ പ്രകൃതി
ഈശ്വരനായ പ്രകൃതി
മാപ്പിരക്കുന്നു ഞങ്ങൾ
പ്രകൃതി ജീവജാലങ്ങളെ കൊന്നൊടുക്കുന്നതിൽ
മാപ്പിരക്കുന്നു ഞങ്ങൾ
മരങ്ങളും പുൽക്കൊടികളും ജീവജാലങ്ങളും
പുഴകളും മലകളും
നിറഞ്ഞ പ്രകൃതി
നിന്റെ വേദന ഞങ്ങളറിയുന്നു
എരിയുന്ന വേദന

കോപിക്കരുതേ അമ്മേ.....
നിന്റെ കണ്ണിൽ നിന്ന് കണ്ണുനീർ
വീഴരുതെ അമ്മേ
ആ കണ്ണുനീർ ഭൂമിയിൽ
പ്രളയമായ് തീർക്കരുതേ അമ്മേ



അഭിരാമി മുരളീധരൻ 7 എ

# പ്രകൃതിയോട്

പ്രകൃതി അമ്മയായ പ്രകൃതി
നമുക്ക് എല്ലാസുഖസൗകര്യങ്ങളും നൽകി നീ.
പ്രകൃതി.....പ്രകൃതി.....
ഓരോ ജീവജാലകങ്ങളുടെയും പിറവിയുള്ള പ്രകൃതി.
പ്രകൃതി.....അമ്മയായ പ്രകൃതി.

ഒരുപാട് ദുരന്തങ്ങൾ ഉണ്ടാക്കിയ ഞങ്ങളെ-
നീ ശിക്ഷിച്ചാൽ നന്ന്.
മനുഷ്യരെ ഒരു പാഠംപഠിപ്പിച്ചില്ലേ നീ.
ഹിന്ദു-ഇസ്ലാം-ക്രിസ്ത്യൻ മതപരമല്ലാതെ
ഞങ്ങൾ അതിനെ അതിജീവിച്ചു.
സ്നേഹം പകർന്നു തന്ന അമ്മേ,
ഒരിക്കലും ഞങ്ങൾ നിന്നെ മറക്കുകയില്ല.

ദേവീകീർത്തനമാണ് നീ.
സുന്ദരിയാണു നീ.
അമ്മേ.... പ്രകൃതി....
കാന്തിയാർന്നവൾ നീ.
വിശാലമായ സ്ഥാനമുള്ളവൾ നീ.
വിശാലമയി നീ.

കാഞ്ചനനിധിയാണു നീ.
സുഹാസിനിയാണു നീ.
എല്ലാ ദുരന്തങ്ങളിൽ നിന്നും ഞങ്ങളെ-
രക്ഷിക്കണമേ നീ.
പ്രകൃതി....അമ്മേ.....

**രസിക രമേഷ് 7 എ**

# പ്രളയതാണ്ഡവം

നിനച്ചിരിക്കാതെ മരണമെത്തുന്ന
പ്രകൃതിരൂപത്തിൻ പ്രളയതാണ്ഡവം
സഹിച്ചതേറെനാൾ ഭൂമി
തിരിച്ചടിക്കുന്ന പ്രളയരൂപത്തിൽ
സഹിക്കേണ്ടു നമ്മൾ തൻ

ഓരോ ജനങ്ങളും.
മരണം മുഖത്തോട് ചേർന്ന് നിൽക്കുന്ന
പ്രതീക്ഷതൻ കരങ്ങളാൽ

ഉയർത്തെഴുന്നേൽക്കുന്നു.
അപരന്റെ മുതുകത്തും
ചുമട്ടിലും ഓരോ ജനവും
സ്ഥാനം ഉറപ്പിച്ച് ഇരിക്കുകയായ്

പോയതൊക്കെയഥവാ നമുക്കയേ...
കോർക്കുക കൈകൾ കോർത്ത് മുന്നേറുക

നവ കേരള സൃഷ്ടിക്കായ് പ്രതീക്ഷ-

തൻ ചിറകിൽ മുന്നേറുക.

ദൈവത്തിൻ സ്വന്തം നാടേ........

കരകയറൂ, താങ്ങായും തണലായും
ഞങ്ങളുമുണ്ട് നിന്നോടൊപ്പം
പച്ചപ്പുതപ്പാർന്ന് അണിഞ്ഞൊരുങ്ങൂ
പ്രതീക്ഷതൻ ചിറകിൽ പറന്നുയരൂ.

വൈഷ്ണവ് പി

10 ബി

***************

# മണ്ടനോ മനുഷ്യൻ

ഒരു നാൾ ഒരു നാൾ ഞാൻ പിറന്നു
സ്നേഹവും ദുഖവും ഞാനറിഞ്ഞു
യുദ്ധവും ദുരന്തവും അറിഞ്ഞു
അറിവും നന്മയും ഞാൻ പകർന്നു
ഒരു നാൾ പ്രകൃതി തിരിച്ചടിച്ചു
ആ അടിയിൽ മനുഷ്യൻ ചത്തൊടുങ്ങി
എന്നിട്ടും എന്നിട്ടും തളരാതെ മനുഷ്യൻ-
പ്രകൃതിയെ ചൂഷണം ചെയ്തീടുന്നു

ആരോ ചൊല്ലി കേൾക്കുന്നു നമ്മൾ
വിവേകപൂരിത ജീവി മനുഷ്യൻ
എങ്കിലും മനുഷ്യൻ മണ്ടനല്ലേ?
അറിവോ തിരിച്ചറിവോ മനുഷ്യനുണ്ടോ?
മഴയും തണലും അറിയാതെ
തലമുറകൾ ഭൂമിയിൽ പിറക്കുമോ?

ആഖിലസ് കെ വി 9 ബി

***************

# വ്യൂ ഫൈൻഡർ







കെട്ടിടേണ്ട മതിൽ മാനസേ, നമു-
ക്കൊട്ടു നൻമകൾ വളർത്തിടാമിനി
കെട്ടി വച്ച മതിലൊക്കെയും തകർ
ത്തിട്ട വൻ പ്രളയത്തിലോർമ്മയില്ലേ.

# അടുക്കള

വാടക വീട്ടിലെ ജാലകങ്ങൾ മെല്ലെ തുറന്ന ഞാൻ പ്രഭാതത്തെ വരവേറ്റു. ഇല്ലത്തെ അടുക്കളക്കോലായിൽ പതിവായി കേൾക്കാറുള്ള പക്ഷികളുടെ ചിലമ്പലുകൾ ഇവിടെയില്ല. നെടുവീർപ്പോടെ കാതോർത്തപ്പോൾ അടുത്തവീട്ടിലെ മിക്സിയുടെ വിരസശബ്ദം മാത്രം. മനസ്സില്ലാ മനസ്സോടെ ജോലികൾ തീർത്തു. ഒരർത്ഥത്തിൽ ആ മിക്സി പോലെ യാന്ത്രികമായി എന്റെ ജീവിതവും. ഇഷ്ടമില്ലെങ്കിലും ജോലികൾക്ക് അവകാശികൾ വേറെയില്ലല്ലോ.

അതിനിടയിൽ വന്ന കല്യാണച്ചടങ്ങ് ജീവിതത്തിലേക്ക് ഒരു പുതുവെട്ടം പകർന്നു. ചോട്ടും, പാട്ടും, നാട്ടുതനിമയും ശീലിച്ച എനിക്ക് വാടകവീട് എന്നും നരകമായേ തോന്നിയുള്ളൂ. പക്ഷേ എന്റെ മുറിയിലിരുന്നും പാട്ടും കളിയും പാടിക്കളിച്ച് അയക്കാം, അതുപോലെ എന്നും തയ്യാറാക്കുന്ന വിഭവങ്ങൾ പരസ്പരം അഭിപ്രായത്തിനായി കൈയാറാം എന്നായപ്പോൾ ചുണ്ടുകൾ മൂളാൻ മറന്നപോയ പാട്ടുകൾ തന്നെ എന്റെ പ്രഭാതത്തെ മനോഹരമാക്കി. ഞാനുണ്ടാക്കുന്ന വിഭവങ്ങൾക്ക് രുചി കൂടാൻ തുടങ്ങി. ഇന്ന് എനിക്ക് ആ വിരസതയില്ല. എന്നും പുതിയ പ്രഭാതങ്ങൾ മാത്രം.

***രമ്യ പുലിയന്നൂർ***
***എച്ച് എസ് ടി***

*******************

# നന്മയുടെ കൈത്താങ്ങ്

എല്ലാവർക്കും പുതിയ അധ്യയനവർഷം സന്തോഷവും പുതുപ്രതീക്ഷകളും നൽകുന്നു. എന്നാൽ മനുവിന് ഈ പുതിയ അധ്യയനവർഷം വെറുപ്പിന്റെ പകയുടെയും ദിനങ്ങളാണ് . അച്ഛൻ വാങ്ങിത്തന്ന പുതിയ ഉടുപ്പ് മനു കൈയിലെടുത്തു. അച്ഛന്റെ മണം അതിൽ ഉണ്ടായിരുന്നു. അത് അവനെ ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ടുപോയി.

കഴിഞ്ഞ അധ്യയനവർഷം. സ്കൂളിലെ ആ മധുരമായ അധ്യയന വർഷത്തിന്റെ ആദ്യദിനങ്ങൾ. മനുവിന്റെ അച്ഛൻ ദിവാകരൻ മനുപഠിക്കുന്ന സ്കൂളിലെ പ്യൂൺ ആയിരുന്നു. എല്ലാ കുട്ടികൾക്കും ഏറെ പ്രിയങ്കരനായിരുന്ന ദിവാകരേട്ടൻ. ഇന്റർവെൽ സമയങ്ങളിൽ കുട്ടികളെ കഥകൾ പറഞ്ഞ് അമ്പരപ്പിക്കുന്ന, തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിപ്പിക്കുന്ന ദിവാകരേട്ടൻ. ദിവാകരന് മനുവിനെപ്പോലെ തന്നെയായിരുന്നു എല്ലാ കുട്ടികളും . ആ സമയത്താണ് അവിടുത്തേക്ക് രാഘവൻ എന്ന മാസ്റ്റർ ഹെഡ്മാസ്റ്ററായി സ്ഥലം മാറി വന്നത്. ദീർഘകായനായ ഒരു കട്ടിമീശക്കാരൻ. നല്ല നിലയിൽ പോയിരുന്ന സ്കൂളിന്റെ പ്രവർത്തനങ്ങളിൽ രാഘവൻ മാസ്റ്ററിന്റെ വരവോട് പിഴവ് വരാൻ തുടങ്ങിയെന്ന പലർക്കും തോന്നി. പക്ഷേ വലിയ പിടിപാടുള്ള അയാളെ എതിർക്കാൻ ആരും മുതിർന്നില്ല. പക്ഷേ ദിവാകരൻ അതിനു മുതിർന്നു. എന്നാൽ രാഘവൻ മാസ്റ്റർ അതിനെ വേരോടെ പിഴുതെറിയുകയും ചെയ്തു. മാത്രമല്ല സ്കൂളിലെ ഫണ്ട് മുഖേന സ്വരൂപിച്ച പണം മോഷ്ടിച്ചെന്നാരോപിച്ച് ദിവാകരനെ കള്ളനാക്കുകയും ചെയ്തു . മനംനൊന്ത ദിവാകരൻ ആത്മഹത്യചെയ്തു . മനുവിനും അമ്മയ്ക്കും തങ്ങളുടെ താങ്ങ് നഷ്ടപ്പെട്ടു.

മനു....വാമോനെ.... ഭക്ഷണം കഴിക്കാം അമ്മയുടെ വിളി മനുവിനെ ഓർമകളിൽ നിന്ന് പിറകോട്ട് വലിച്ചു. ഉടുപ്പ് മേശമേൽ വച്ച് അവൻ അടുക്കളിയിലേക്ക് ചെന്നു."നീ അവിടെ എന്തെടുക്കുവായിരുന്നു". അമ്മയുടെ വാക്കുകൾ മറുപടി കൊടുക്കാതെ അവൻ രണ്ട് ഇഡ്ഡലി ധൃതിയിൽ വായിലിട്ട് വെള്ളവും കുടിച്ചു. "അമ്മേ വേഗം പോണം "അത്ര മാത്രം പറഞ്ഞ് അവൻ ബാഗും തോളിലിട്ട് നടന്നു. ഇടയ്ക്ക് അവൻ പറഞ്ഞു. "രാഘവനെ കൊല്ലണം".

സ്കൂളിലെത്തിയപ്പോഴാണ് രാഘവൻ മാഷ് സ്ഥലം മാറിപ്പോയ കാര്യം മനു അറിഞ്ഞത്. നിരാശ അവനെ തളർത്തി. ഭൂമി കറങ്ങുന്നതായി അവനു തോന്നി . കണ്ണുതുറന്നപ്പോൾ മുൻപിൽ മൂന്നുപേർ . അമ്മയും സ്കൂളിലെ രാമകൃഷ്ണൻ മാഷും പിന്നെ അപരിചിതമായ ഒരു മുഖവും. അത് മനുവിനെ കൗൺസിലിംഗ് ചെയ്യാനെത്തിയ ആളാണെന്ന് അമ്മയുടെ സംസാരത്തിൽനിന്ന് അവന് മനസിലായി. ശേഷമുള്ള സമയം മനുവും അയാളും മാത്രമായിരുന്നു ആ മുറിയിൽ. അദ്ദേഹത്തിന്റെ മനോഹരമായ സംസാരം മനുവിനെ അവന്റെ മനസ്സു തുറക്കാൻ പ്രേരിപ്പിച്ചു. തന്റെ മനസ്സിലുണ്ടായ പകയുടേയും വിദ്വേഷത്തിന്റേയും കഥകൾ അയാൾക്ക് മുൻപിൽ നിവർത്തി. ആ സന്ദർഭം അവന്റെ ജീവിതത്തിന്റെ ഒരു വഴിത്തിരിവായിരുന്നു. ആ മനുഷ്യനിൽനിന്നുണ്ടായ വാക്കുകൾ അവനിൽ നന്മനിറച്ചു. അവൻ തന്റെ മനസ്സിലെ കറകളെല്ലാം അപ്പാടെ മായ്ച്ചു.

പിറ്റേ ദിവസം മനു സ്കൂളിലേക്ക് പോയത് നന്മനിറഞ്ഞ പ്രതീക്ഷകളുമായാണ്. അച്ഛന്റെ വിധി ഇനി ഒരാൾക്കുമുണ്ടാകരുതെന്ന് അവൻ അതിയായി ആഗ്രഹിച്ചു. അതിനായി തിന്മയുടെ വഴിക്കുപകരം നന്മയുടെ മാർഗ്ഗം സ്വീകരിക്കാൻ അവൻ തീരുമാനിച്ചു. അച്ഛന്റെ മുഖം അവന്റെ മനസ്സിൽ ശുഭപ്രതീക്ഷകളേകി. നന്മയുടെ ഒരു കൈത്താങ്ങ് അവനു സമ്മാനിച്ചത് ആ മനുഷ്യനായിരിക്കാം.

***ദേവിക പി***

***10 ബി***

# കുഞ്ഞു സ്വപ്നങ്ങൾ

ശാന്തിപ്പുരം ഗ്രാമത്തിലെ പാവപ്പെട്ട ജനങ്ങളുടെ അനുഭവങ്ങളാണിത്. വളരെ ശാന്തമായി സന്തോഷമായി ജീവിച്ചിരുന്ന ഗ്രാമവാസികൾ. അവർക്ക് ഒട്ടേറെ കുഞ്ഞ്കുഞ്ഞ് ആഗ്രഹങ്ങളും പ്രതീക്ഷകളും ഉണ്ടായിരുന്നു. കുട്ടികൾ പുത്തൻ ബാഗും പുസ്തകങ്ങളുമായി സ്കൂൾകാലം വരവേറ്റു. പക്ഷേ ഒരു മഹാപ്രളയത്തിൽ അവരുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളുമെല്ലാം തകർന്നുപോയി. കേരളം ഇതുവരെ നേരിടാത്ത ഒരു ഭയങ്കരമായ ദുരന്തത്തെ ഗ്രാമവാസികൾ നേരിട്ടു. മഴക്കെടുതിയിൽ അവരുടെ വീടുകളും പുസ്തകങ്ങളുമെല്ലാം വെള്ളത്തിൽ ഒലിച്ചുപോയി. ധാരാളം വീടുകളും, സ്കൂളുകളും നശിച്ചുപോയി. ഒട്ടേറെ ജനങ്ങൾ ദുരിതത്തിലായി. കുറേപേർ മരണമടഞ്ഞു. ദുരന്തത്തിൽപ്പെട്ട ജനങ്ങളെ രക്ഷിക്കാൻ ദൈവത്തെപോലെ കുറേപേർ കടന്നുവന്നു.

ബാലു എന്ന ഒരു കുട്ടി തന്റെ ഉറ്റസുഹൃത്തായ അരവിന്ദനെ രക്ഷിക്കാനായി വെള്ളത്തിൽ ഇറങ്ങി . തന്റെ ജീവൻ ബലിയർപ്പിച്ച് അവൻ അരവിന്ദനെ രക്ഷിച്ചു. കേരളത്തിന്റെ എല്ലാ ഭാഗത്തു നിന്നും, രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ജാതി മത രാഷ്ട്രീയ ഭേതമന്യേ എല്ലാവരും ഒരുപോലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഓടിയെത്തി.

സമീപവാസികളെല്ലാം അവരെ സഹായിച്ചു. ഒട്ടേറെ ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ദുരിതമനുഭവിക്കുന്നവർക്ക് ജീവിതസാമഗ്രികളും ആഹാര പദാർഥങ്ങളും പൈസയും സംഭാവന ചെയ്തു. സഹായ ഹസ്തങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും നീണ്ടുവന്നു. അതൊന്നും തികയുമായിരുന്നില്ല അവർക്ക് ജീവിതത്തിലേക്ക് മടങ്ങിവരാൻ. കേരളം ഇതുവരെ അനുഭവിക്കാത്ത ഒരു വൻദുരതത്തെ നേരിടുകയാണ് ശാന്തിപുരം ഗ്രാമവാസികൾ. ദുരിതങ്ങളെല്ലാം നീങ്ങി അവരുടെ ആഗ്രഹങ്ങൾ സഫലമാകുന്ന ഒരു ദിവസം വന്നെത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

***ആര്യ കെ പി***

***10 ബി***

# പ്രതീക്ഷ

രണ്ട് മാസത്തെ വേനലവധിക്ക് ശേഷം ഇത്തവണയും സ്കൂൾ തുറന്നു. ഒരു പുതിയ പഠനവർഷത്തിലേക്ക് ഏവരും പ്രവേശിച്ചു. ജൂൺ, ജൂലായ് മാസങ്ങൾ ...... സാധാരണ നമുക്ക് നല്ല മഴ ലഭിക്കുന്ന ദിവസങ്ങൾ. പക്ഷേ ഇത്തവണ ..... മഴ ഒരു ദുരന്തമായി മാറുമെന്ന് ആരും പ്രതീക്ഷിച്ചില്ല. കേരളത്തെ ആകെ നശിപ്പിക്കുന്ന ഒരു കാലനായി ആ കാലവർഷം കടന്നുവന്നു. പല ജില്ലകളിലെയും പലരുടെയും വീടുകൾ നശിച്ചു. കുട്ടികൾക്ക് അവരുടെ പാഠനോപകരണങ്ങൾ നഷ്ടപ്പെട്ടു. നിരവധി സ്കൂളുകളും മറ്റും നശിച്ചു. പഠനദിവസങ്ങൾ ഒരുപാട് നഷ്ടപ്പെട്ടു. പക്ഷേ ഇതിനെ ഒന്നിച്ച് നേരിടാൻ പ്രത്യേക ക്യാമ്പുകൾ സജ്ജമായി. ചെറിയ കുഞ്ഞുങ്ങൾ മുതൽ വലിയവർ വരെ ആ മഹാപ്രളയത്തെ , കാലനാകുന്ന ആ മഴക്കാലത്തെ ശക്തിയോടെ ഒരുമയോടെ നേരിട്ടു. എന്നാലും കുറേ പേർക്ക് ജീവനും ജീവിതവും നഷ്ടപ്പെട്ടു.

ഞാൻ താമസിക്കുന്ന കണ്ണൂർ ജില്ല . അവിടെ ചെറിയ ദുരന്തങ്ങൾ ഉണ്ടായെങ്കിൽ പ്പോലും അത് എന്നെയോ എന്റെ സ്കൂളിനെയോ ബാധിച്ചിരുന്നില്ല. ഞങ്ങൾ ഞങ്ങളാൽ കഴിയുന്ന ചെറിയ സഹായങ്ങൾ ദുരിതമനുഭവിക്കുന്നവർക്കു കൊടുത്തു. ഇത്തവണ സ്കൂൾ തുറപ്പ് കാലം ഒരു വല്ലാത്ത കാലം തന്നെയായിരുന്നു. പ്രകൃതിദേവി കോപം കൊണ്ട് ഉറഞ്ഞുതുള്ളിയ ദിനങ്ങൾ!! അത് ഒരിക്കലും മറക്കാൻ കഴിയില്ല.

പുതിയപാഠങ്ങൾ പുതിയപുസ്തകങ്ങൾ എന്നിവ ലഭിച്ചു. പുതിയ പാഠങ്ങൾ പുതിയ പുസ്തകങ്ങൾ പുതിയ അറിവ് ഇതെല്ലാം കടന്നു വരുന്ന ഒരു പുതു പഠന വർഷമാകട്ടെ ഇത് എന്ന് വിചാരിച്ചുകൊണ്ടാണ് കുട്ടികൾ സ്കൂളിലേക്കു വരുന്നത്. എന്നാൽ ജലദേവതയുടെ ക്രോധാഗ്നിയിൽ പഠനദിവസങ്ങൾ ഒരുപാട് മുടങ്ങി.

സ്കൂൾ തുറക്കുന്നു എന്നുകേട്ടാൽ കുഞ്ഞുകുട്ടികളുടെ മനസ്സിൽ ദു:ഖമുണ്ടാകുവുക സാധാരണയാണ്. ഏതു കുട്ടിയായാലും അവന് അമ്മയെ വിട്ട്, വീട് വിട്ട് സ്കൂളിൽ

പോകാൻ ഒരു ചെറിയ ഇഷ്ടക്കേട് ഉണ്ടാകും. അവർക്ക് സന്തോഷമായി. സ്കൂൾ തുറന്നയുടനെതന്നെ നിരവധി അവധികൾ !!!!

സ്കൂൾതുറന്നാലും സന്തോഷത്തിന്റെ നാളുകൾതന്നെയാണ് ഞങ്ങൾ വലിയ കുട്ടികൾക്ക്...... പുതിയ പുതിയ കൂട്ടുകാർ ....... അവരോടൊത്ത് കളിക്കാം, ഒന്നിച്ചിരുന്ന് പഠിക്കാം... ആകപ്പാടെ രസം തന്നെ. പരീക്ഷകളെയാണ് പേടി, അത് ഒരു ഭയമായി കടന്നുവരുന്നു. എങ്കിലും കഴിയുന്നത്ര നന്നായി പഠിക്കും, നന്നായി പരീക്ഷ എഴുതും. ഇത്തവണയും സ്കൂളുകളിൽ ഒന്നാം പാദവാർഷിക പരീക്ഷ ഉണ്ടായിരുന്നു. നല്ല മാർക്ക് നേടാൻ കഴിഞ്ഞു. താൻ തനിക്കുവേണ്ടി എപ്പോഴാണോ പഠിക്കുന്നത് അപ്പോഴാണ് അവൻ യഥാർത്ഥ വിദ്യാർത്ഥിയാകുന്നത്. പഠനം ജീവിതത്തെ ഉയർന്ന നിലയിലെത്തിക്കുന്നു. പഠനമാകുന്ന വാതിൽ തുറക്കാനുള്ള താക്കോലാണ് സ്കൂൾ. ആ വാതിൽ എളുപ്പത്തിൽ കടന്നുപോകുന്ന വരാണ് ഉയർന്ന നിലയിലെത്തുന്നത്. ആ വാതിൽ ഓരോന്നായി നാം മറികടക്കേണ്ടതുണ്ട്. നന്നായി പഠിക്കുക, ഉയർന്ന നിലയിൽ പാസാകുക, ഉയർന്ന ജോലി നേടുക, ഇങ്ങനെയുള്ള കാര്യങ്ങൾ ചിന്തിച്ചാണ് ഇത്തവണയും സ്കൂളിലേക്ക് വന്നത്.

ഈ വർഷം ഞാൻ പത്താം ക്ലാസ്സിൽ........... മുന്നിൽ ഒരു വലിയ കടമ്പ!!!! എതു ഗ്രേഡ് നേടാനാകും... ആകപ്പാടെ ഒരാശങ്ക...... നേടണം, ഏറ്റവും ഉയർന്ന ഗ്രേഡ് നേടണം.... അതാണ് ഇന്നത്തെ എന്റെ ആഗ്രഹം...... സഫലമാകും എന്ന പ്രതീക്ഷയോടെ.

***ആകാശ് ബാബു***

***10 ബി***

***************

# പ്രളയം, ഒരെത്തിനോട്ടം



ഇത്തവണ സ്കൂൾ തുറന്നപ്പോൾ വളരെ സന്തോഷമാണ്. വേനലവധി കഴിഞ്ഞുള്ള സ്കൂൾ തുറക്കൽ. ജൂൺ ജൂലായ് മാസങ്ങളിൽ മഴയുള്ള ദിനങ്ങളാണ്. എന്നത്തെയും പോലെ തന്നെ ഇത്തവണയും സ്കൂൾ തുറന്നപ്പോൾ മഴയുണ്ടായിരുന്നു. തുടക്കത്തിൽ മഴ കുറച്ചേ പെയ്തുവെങ്കിലും പിന്നീട് മഴ ശക്തിയാർജിച്ചു. കേരളത്തെ മുഴുവൻ പ്രളയ പ്രദേശമാക്കി. സ്കൂൾ തുറന്നത് ജൂൺ 2 ന് ആണ്. ഞാൻ പത്തിൽ. പുതിയ ക്ലാസിൽ എത്തിയപ്പോൾ പഴയ കൂട്ടുകെട്ടുകൾ പുതുക്കി പണിയാൻ എനിക്ക് കഴിഞ്ഞു. അത്തരം സന്ദർഭങ്ങൾ വളരെ സന്തോഷഭരിതമാണ്. അതുകൂടാതെ പുതിയ കുട്ടികളും നമ്മുടെ സ്കൂളിലേക്ക് വന്നു. ഈ കാര്യങ്ങളൊക്കെ മനസിനെ കുളിരണിയിപ്പിക്കുന്നതാണ്.

ഓണാവധിക്ക് സ്കൂൾ പൂട്ടിയത് കുറേ നേരത്തെയാണ്. കാരണം കേരളം പ്രളയക്കെടുതിയിൽ മുങ്ങിയിരിക്കുകയാണ്. എന്നാൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഴ പൊതുവേ കുറവായിരുന്നു. ബാക്കിയുള്ള

ജില്ലകളിൽ ആണ് മഴ കൂടുതൽ ഉണ്ടായത്. ആ ജില്ലകളിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ പോലുള്ള പ്രകൃതിദുരന്തങ്ങളായിരുന്നു. കുറേ ആളുകൾ മരണപ്പെട്ടു. കുറേ പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ജനങ്ങൾ പാർക്കുന്ന വീടുകളും, സ്കൂളുകളും അമ്പലങ്ങളുംമറ്റ് സ്ഥാപലങ്ങളും തകർന്നു. കുറേ പേർക്ക് ജീവഹാനി സംഭവിച്ചു.

വെള്ളം കെട്ടിനിൽക്കവേ, മനുഷ്യർക്ക് മാരകമായ പലരോഗങ്ങളും പിടിപ്പെട്ടു. രോഗം കാരണവും മനുഷ്യർ മരിക്കാൻ ഇടയായി. നമ്മുടെ സൈന്യം കുറേ പേരെ ദുരിതാശ്വാസക്യാമ്പിൽ പ്രവേശിപ്പിച്ചു. അവർക്ക് വേണ്ടുന്ന ഭക്ഷണവും മറ്റ് അത്യാവശ്യ സൗകര്യങ്ങളും നൽകി. എന്നാൽ ചിലയാളുകൾ അവരുടെ വീടിന്റെ ടെറസിലാണ് കുറച്ച് ദിവസം കഴിഞ്ഞ് കൂടിയത്. അവർക്ക് രക്ഷപ്പെടാൻ മാർഗം ഇല്ലായിരുന്നു. അവരുടെ സന്തോഷവും ചിരിയും എല്ലാം നഷ്ടപ്പെട്ടു. പ്രളയം കേരളജനതയെ വല്ലാതെ വേദനിപ്പിച്ചു. കേരളത്തെ ആകമാനം തകർത്തു. വലിയ വലിയ സ്ഥാപനങ്ങളും കമ്പ്യൂട്ടർ സംവിധാനവും തകർന്നു. പ്രളയം വന്നതോടെ കൂടി കുറേ കുട്ടികൾക്ക് ദിവസങ്ങളോളം സ്കൂളിൽ പോകാനും പഠിക്കാനും സാധിച്ചില്ല. അവരുടെ പുസ്തകങ്ങളും, വസ്ത്രങ്ങളും മറ്റ് സാധനങ്ങളും പ്രളയത്തിൽ ഒലിച്ചുപോയി. നമ്മൾ കഴിയും വിധം അവരെ സാധനങ്ങളും പണവും കൊടുത്ത് സഹായിച്ചു.

*ആദിത്യസുരേഷ്*

*10 ബി*

---

# ആട് ജീവിതം - ബെന്യാമിൻ

വായിച്ച നോവലുകളിൽ എന്നെ ഏറെ സ്വാധീനിച്ച കഥയാണ് ആട് ജീവിതം. പത്തനംതിട്ട ജില്ല സ്വദേശിയായ എഴുത്തുകാരനാണ് ബെന്യാമിൻ. പ്രവാസി ജീവിതത്തിനിടയിൽ നജീബ് എന്ന യുവാവ് അനുഭവിച്ച യഥാർത്ഥ യാതനകളാണിതെന്ന് വിശ്വസിക്കുന്നവർ അപൂർവ്വം. ഭാഗ്യവാൻമാരെന്ന് നാം കരുതുന്ന പ്രവാസികളുടെ തീരാദു:ഖം നോവൽ വരച്ചുകാട്ടുന്നു.

നാട്ടിലെ മണൽവാരൽ കൊണ്ട് ജീവിച്ചിരുന്ന നജീബ് ജീവിതപ്രരാബ്ധങ്ങൾ മനസ്സിലാക്കിത്തുടങ്ങിയപ്പോൾ വൃദ്ധയായ ഉമ്മയേയും ഗർഭിണിയായ ഭാര്യയേയും വിട്ട് പിറന്ന മണ്ണും വളർന്ന വീടും ഉപേക്ഷിച്ച് ഗൾഫിലേക്ക് യാത്ര തിരിക്കുന്നു; ഒരുപാട് സ്വപ്നങ്ങളോടെ. അവനോടൊപ്പം ഹക്കിം എന്ന കൗമാരക്കാരനും ഉണ്ടായിരുന്നു. ഗൾഫിൽ ചെന്നിറങ്ങിയ അവർ തങ്ങളുടെ മേലധികാരിയെ(അർബാബ്) കാത്തിരുന്നു. സ്വന്തം കമ്പനിയും ലഭിക്കാൻ പോകുന്ന സുഖസൗകര്യങ്ങളും ആയിരുന്നു മനസ്സിൽ നിറയെ. അൽപ സമയത്തിനുള്ളിൽ ഒരറബി അവരെ കൂട്ടിക്കൊണ്ടുപോയി. അർബാബ് ! വലിയ ബഹുമാനം തോന്നി. പക്ഷേ കാര്യങ്ങൾ വ്യക്തമാകുമ്പോഴേക്കും അവർക്ക് നഷ്ടപ്പെടാൻ ഒന്നുമില്ലായിരുന്നു.

ലക്ഷ്യസ്ഥാനത്തെത്തിയ അർബാബ് നജീബിനേയും ഹക്കീമിനേയും ഓരോ വീട്ടിലേക്ക് കൊണ്ടുപോയി. അർബാബിന്റെ വീടു കണ്ട അവർക്ക് കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. വീടല്ല, ആടുകേന്ദ്രം. ആടിന്റെയും,ഒട്ടകത്തിന്റെയും മേൽനോട്ടമാണ് നജീബിന്റെ ജോലി. കൂട്ടായി മറ്റൊരു മനുഷ്യനും. കുറച്ചുദിവസങ്ങൾക്ക് ശേഷം ആ മനുഷ്യനെയും കാണാതായി. ഹക്കിമിനേയും നഷ്ടപ്പെട്ടു.

വിശപ്പിനും ദാഹത്തിനും ഇടയിൽ കൃത്യമായി പ്രാഥമിക ആവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയാതെ നജീബ് ദിവസങ്ങൾ തള്ളിനീക്കി. മരുഭൂമിയിൽ ആടുകളുടെ കൂടെയുള്ള കഠിനജീവിതം നജീബിനെ ഒരാടിനെപ്പോലെ തന്നെയാക്കി.

ഒരു മഴക്കാലത്താണ് അർബാബിന്റെ ദൗർബല്യം നജീബ് മനസ്സിലാക്കിയത്. മഴ കാരണം അർബാബ് അല്പദിവസത്തേക്ക് വീട്

വിട്ടപ്പോൾ ഹക്കിമിനെ കാണാൻ അവസരം കിട്ടി. രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങൾ അവർ ഒട്ടനവധി ആലോചിച്ചു. അവരുടെ ഇടയിലേക്ക് പ്രതിപുരുഷനായി ഇബ്രാഹിം എത്തുന്നു.

അങ്ങനെ എല്ലാ അർബാബുമാരും വീട് വിട്ട ദിവസം അവർ ഇറങ്ങിയോടി. അർബാബിന്റെ കയ്യിൽ പെട്ടാലുണ്ടാകുന്ന ഭവിഷ്യത്ത് അവരുടെ വേഗത വർധിപ്പിച്ചു.

മരുഭൂമിയിൽ ദിവസങ്ങൾ നീണ്ടുനിന്ന പലായനത്തിൽ വിശപ്പും ദാഹവും അവരെ വേട്ടയാടി. ദാഹം സഹിക്കാതെ ഹക്കിം യാത്ര പറഞ്ഞു, എന്നെന്നേക്കുമായി. പ്രതീക്ഷ ഇല്ലെന്നറിഞ്ഞിട്ടും പലായനം തുടർന്ന അവർ ഒരു മരുപ്പച്ച കണ്ടെത്തുന്നു. കുറച്ച് ദിവസം അവിടെ തങ്ങിയ അവർ വീണ്ടും യാത്ര തുടരുന്നു. ഒടുവിൽ ഒരു രാത്രി ഉറങ്ങിയുണരുമ്പോൾ നജീബിന്റെ കൂടെ ഇബ്രാഹിം ഇല്ലായിരുന്നു. പക്ഷേ അവിടെ നിന്നും നജീബ് ഹൈവേ കണ്ടെത്തി. ഒരു അറബിയുടെ കാറിൽ കയറി. ആ അറബിയുടെ കരുണ ഈ രംഗത്തെ മനോഹരമാക്കുന്നു. അറബി അടുത്ത പട്ടണമായ റിയാദിൽ അയാളെ എത്തിച്ചു.

അവിടെയെത്തിയ നജീബ് കുഞ്ഞിക്കയുടെ പരിചരണത്തിൽ മനുഷ്യരൂപം വീണ്ടെടുക്കുന്നു. നാട്ടിലേക്ക് തിരിച്ചുപോകാൻ നജീബ് പോലീസിൽ പിടികൊടുക്കുന്നു. ജയിലിലെ ഏതാനും മാസങ്ങൾക്ക് ശേഷം നജീബിന്റെ അർബാബ് നജീബിനെ കാണുന്നു. പക്ഷേ കൊണ്ടുപോവുന്നില്ല. അപ്പോഴാണ് നജീബ് അയാളുടെ വിസക്കാരനല്ല എന്ന പരമമായ സത്യം അറിയുന്നത്. തുടർന്ന് ഇന്ത്യൻ എംബസിയുടെ ഔട്ട്പാസ് മുഖേന നജീബ് സ്വന്തം മണ്ണിനെത്തുന്നു.

നജീബിന്റെ ജീവിതം വായനക്കാരന് രസകരമാക്കാൻ കഥാകൃത്ത് ശ്രമിച്ചില്ല. നജീബ് അനുഭവിച്ച ദുരിതമാണ് നാമോരോരുത്തരേയും മണൽക്കാറ്റായി പൊള്ളിക്കുന്നത്.

നാട്ടിൽനിന്ന് വിമാനം കയറി അന്യനാട്ടിലെത്തുന്ന അത്രയധികം വിദ്യാഭ്യാസമില്ലാത്ത ഏതൊരു പൗരനും നടക്കാവുന്ന ദുർഗതിയാണിത്. പഴയകാലത്തെ പ്രവാസികൾ അനുഭവിച്ചിരുന്ന ഒരു ലോകത്തേക്ക് ഈ നോവൽ നമ്മെ കൊണ്ടെത്തിക്കുന്നു.

***അശ്വിൻ തമ്പാൻ***
***10 സി***

***************

# വാർത്താവിനിമയ വിപ്ലവം

സൗരയൂഥത്തിലെ ഗ്രഹങ്ങളിൽ ജീവാംശമുള്ളതും മനോഹരവുമായതുമായ ഒരു ഗ്രഹമാണ് നമ്മുടെ ഭൂമി. അനേകം കോടിവർഷങ്ങളായി ഭൂമിയിൽ ജീവന്റെ ഉൽപ്പത്തിയുണ്ടായിട്ട്. അന്നു മുതൽ ഇന്നു വരെ നമ്മുടെ ഈ കൊച്ചു ഭൂമിയിൽ നിരവധി പരിവർത്തനങ്ങളുണ്ടായി കൊണ്ടിരിക്കുകയാണ്. അതിൽ നമുക്ക് നന്മയുണ്ടാകുന്നതും ദോഷകരമായതുമുണ്ട്. വിപ്ലവം എന്നുപറഞ്ഞാൽ മാറ്റമാണ്. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ നിലവിലുണ്ടായിരിക്കുന്ന ഭരണ വ്യവസ്ഥയിലും മറ്റും മാറ്റങ്ങളുണ്ടായിട്ടുണ്ടായിരിക്കുന്നു. അതുപോലെത്തന്നെയാണ് ഫ്രഞ്ച് വിപ്ലവത്തിലും, ലാറ്റിനമേരിക്കൻ വിപ്ലവത്തിലും റഷ്യൻ വിപ്ലവ ത്തിലുമെല്ലാം നമുക്ക് കാണാൻ കഴിയുന്നത് . ഇങ്ങനെ ലോകത്തുനടന്ന പല വിപ്ലവങ്ങളാലും ആ രാഷ്ട്രങ്ങളിലുള്ളവർക്ക് ദോഷവും നന്മയും ഉണ്ടായിരിക്കുന്നു.

ഇതുപോലെ ലോകത്തിലുണ്ടായ, ലോകജനതയെ മാറ്റിമറിച്ച ഒരു മാറ്റം വാർത്താവിനിമയ രംഗത്തുണ്ടായ മാറ്റമാണ്. ഇന്ന് ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വെള്ളവും വായുവും പോലെ നാം മനുഷ്യർക്ക് പ്രധാനപ്പെട്ട ഒന്നുതന്നെയാണ് വാർത്താവിനിമയ സംവിധാനവും. ലോകത്തിൻെറ എതു കോണിലും നടക്കുന്ന കാര്യങ്ങൾ അറിയാൻ നമുക്ക് ഇതിലൂടെ കഴിയുന്നു. മാർക്കോണി എന്ന ശാസ്ത്രജ്ഞൻ ലോകത്തിനായി സംഭാവന ചെയ്ത റേഡിയോ എന്ന ഉപകരണവും നമുക്കെല്ലാം പ്രിയപ്പെട്ടതായ ടെലിവിഷനും നമുക്ക് ഇന്ന് ഒഴിച്ചുകൂടാൻ കഴിയാത്ത മൊബൈൽ ഫോണുമെല്ലാം വാർത്താവിനിമയ സംവിധാനങ്ങളാണ്.ഇതിലൂടെ നിരവധി കാര്യങ്ങൾ നാം അറിയുന്നു.

പത്രവും നല്ലൊരു വാർത്താവിനിമയ സംവിധാനമാണ്. പണ്ടുകാലങ്ങളിൽ റേഡിയോകളിലൂടെയാണ് വാർത്തകളും വിവരങ്ങളും അറിഞ്ഞിരുന്നത്. കാലം മാറിയതോടെ അതൊക്കെ നമ്മുടെ വിരൽത്തുമ്പിലെത്തുന്നു. ഇതിലൂടെ നമുക്ക് നിരവധി ഉപകാരങ്ങൾ ഉണ്ടാകുന്നു. പക്ഷേ ചില ദോഷങ്ങളുമുണ്ട്. വാർത്താവിനിമയത്തിന് നാം ഇന്ന് ഉപയോഗിക്കുന്ന മാധ്യമങ്ങൾക്ക് ചില ദോഷങ്ങളുമുണ്ട്. പ്രധാനമായും ഫോണിന് തന്നെയാണ്. അതിന് രണ്ട് വശങ്ങളുണ്ട്. ശരിയായി കൈകാര്യം ചെയ്യാനും നാം പഠിക്കേണ്ടതുണ്ട്.

ഇല്ലെങ്കിൽ അത് നമുക്ക് തന്നെ ദോഷകരമായി മാറും.

ഇന്ന് വാർത്താവിനിമയ രംഗത്ത് ഈ മാറ്റം നമ്മുടെ ജീവിതമാകമാനം മാറ്റിയരിക്കുന്നു. വാർത്താവിനിമയത്തിനുവേണ്ടി ഇന്ന് ഉപഗ്രഹങ്ങൾ വരെ വിക്ഷേപിക്കുന്നു. നമ്മുടെ ഇന്ത്യ വാർത്താവിനിമയത്തിനായി വിക്ഷേപിച്ച ഉപഗ്രഹമാണ് "ആപ്പിൾ". ഇത് വാർത്താവിനിമയ രംഗത്തെ ഒരു നാഴികക്കല്ലായിരുന്നു. ഇങ്ങനെ ലോകം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇനിയും ഇവിടെ നിരവധി മാറ്റങ്ങളുണ്ടാകും. ലോകത്തുണ്ടായ നിരവധി വിപ്ലവങ്ങളിൽവച്ച് ഏറ്റവും മഹത്തായ ഒന്നുതന്നെയാണ് വാർത്താവിനിമയ രംഗത്തെ വിപ്ലവവും. ഇനിയും നമ്മുടെ ലോകത്ത് കൂടുതൽ നല്ല വാർത്താവിനിമയ സംവിധാനങ്ങൾ ഉണ്ടാകുമെന്ന് ലോകജനത ആഗ്രഹിക്കുന്നു, പ്രതീക്ഷിക്കുന്നു.

അക്ഷര പി കെ

10 ബി



***************